₹ 5/-

# റിയൽ ലൈഫ് വോയ്സ്

# R E A L  L I F E  V O I C E

Monthly

Volume 14
Issue 1

**July 2025**

pages 24

“അവനെ ഞങ്ങൾ അറിയിക്കുന്നതിൽ ഏത് മനുഷ്യനെയും ക്രിസ്തുവിൽ തികഞ്ഞവനായി നിറുത്തേണ്ടതിന് ഏതു മനുഷ്യനെയും പ്രബോധിപ്പിക്കുകയും ഏതു മനുഷ്യനോടും സകല ജ്ഞാനത്തോടും കൂടെ ഉപദേശിക്കയും ചെയ്യുന്നു. അതിനായി ഞാൻ എന്നിൽ ബലത്തോടെ വ്യാപരിക്കുന്ന അവന്റെ വ്യാപാരശക്തിക്ക് ഒത്തവണ്ണം പോരാടിക്കൊണ്ട് അധ്വാനിക്കുന്നു”

**(കൊലൊസ്യർ 1:28–29)**

REAL LIFE VOICE

KOTTEKAD, KUTTUR P.O.,
THRISSUR, KERALA - 680 013

# REAL LIFE VOICE

**Volume 14 Issue 1 July 2025 pages 24 Rs.5/**



**Email:** reallifekottekad@gmail.com

**Website:** www.reallifevoice.in


*Real Life Voice is a Christian magazine dedicated to studying the Word of God and analysing current events*


**Editor:**
Sebastian M.V.
Ph: 95 44 557 557

**DTP:**
Sebastian M.V.

**Published at:**
Real Life,
Mamparampil House,
Kottekad, Kuttur P.O.,
Thrissur - 680 013

**Annual Subscription:**
Rs.60/-

***Bank:***
State Bank of India
*Branch:*
Punnamparambu
*IFS Code:*
SBIN0070342
*A/c No.:*
40447607951
*Name:*
Sebastian M V


## Book No. 163

## ഉള്ളടക്കം


| | പേജ് |
|---|---|
| • കർത്താവിന്റെ കണ്ണുകൾ | 3 |
| • പ്രതികരണങ്ങൾ | 6 |
| • ആസ്യയിലെ ഏഴ് സഭകൾ (17) | 8 |
| • കെ. വി. ഐസക്ക്(അഭിമുഖം)(16) | 11 |
| • യോനാ (പുസ്തകപഠനം) (14) | 14 |
| • ജോർജ്ജും ബേബിയും (1) | 17 |
| • തട്ടും തലോടലും (8) | 20 |
| • ബൈനോക്കുലർ (29) | 22 |
| • പത്രവായന മുടക്കാതെ | 24 |


ഈ മാസികയുടെ ലക്ഷ്യം:
**സഭ, സമൂഹം എന്നിവയെക്കുറിച്ചുള്ള അഭിപ്രായപ്രകടനവും വചനപഠനവും**

## എഡിറ്റോറിയൽ



# കർത്താവിന്റെ കണ്ണുകൾ

“യേശുവിനെ പിടിച്ചവർ അവനെ പരിഹസിച്ചു കണ്ണുകെട്ടി തല്ലി, പ്രവചിക്ക, നിന്നെ അടിച്ചവൻ ആർ എന്നു ചോദിച്ചു” (ലൂക്കൊസ് 22:63–64).

ഓരോരുത്തർ മാറിമാറി വന്ന് കർത്താവിനെ തല്ലിയതിനുശേഷം, “പറയെടാ, ആരാ തല്ലിയത്?” എന്ന് ചോദിച്ചപ്പോൾ, കർത്താവ് ആരുടെയും പേര് പറഞ്ഞില്ല. പേര് പറഞ്ഞിരുന്നുവെങ്കിൽ അവർ തല്ല് നിർത്തി കർത്താവിന്റെ കാൽക്കൽ വീഴുമായിരുന്നു. തന്നെ തല്ലുന്ന ഓരോ വ്യക്തിയുടെയും ആദാം വരെയുള്ള എല്ലാ പിതാക്കന്മാരുടെയും മൊത്തം ബന്ധുക്കളുടെയുമടക്കം സകല പേരുകളും അറിയുന്നവനായിരുന്നു കർത്താവ്. പക്ഷേ അവിടുന്ന് നിശബ്ദത പാലിച്ചു. മനുഷ്യന്റെ പാപപരിഹാരത്തിനായി യാഗമായിത്തീരാൻ വന്നവൻ ആരുടെയും പക്കൽനിന്നുള്ള അംഗീകാരവും ആദരവും ലഭിക്കുവാൻ ആഗ്രഹിച്ചില്ല.

വെളിപ്പാട് 1:14 ൽ നാം വായിക്കുന്നത്, കർത്താവിന്റെ കണ്ണുകൾ അഗ്നിജ്വാലയ്ക്ക് ഒത്തതാണ് എന്നാണ്. ആ തീജ്ജ്വാലയ്ക്ക് സമാനമായ കണ്ണുകളാണ് തുണികൊണ്ട് കെട്ടിയത്. കർത്താവ് തന്റെ മഹത്വം മാറ്റിവച്ച് നിന്നില്ലായിരുന്നുവെങ്കിൽ ആ കണ്ണുകൾ മൂടിക്കെട്ടാൻ ഉപയോഗിച്ച വസ്തു – തുണിയോ അതല്ലെങ്കിൽ മറ്റെന്തെങ്കിലുമോ –കരിഞ്ഞുപോകുമായിരുന്നു.

കർത്താവിന്റെ കണ്ണുകളുടെ ചില പ്രത്യേകതകൾ നമുക്ക് ചിന്തിക്കാം.

**1. പാപികളെ കാണുന്ന കണ്ണുകൾ**

ടാക്സ് ഓഫീസിലെ (Tax office) സമുന്നതനായ ഉദ്യോഗസ്ഥനായിരുന്നു സക്കായി. കർത്താവിനെ കാണാൻ അദ്ദേഹം ആഗ്രഹിച്ചു. ഉയരം അല്പം കുറവായിരുന്നതുകൊണ്ട് അദ്ദേഹം ഒരു കാട്ടത്തിയുടെ മേൽ കയറിയിരുന്നു. പക്ഷേ കർത്താവ് അവനെ കണ്ടു. ഇറങ്ങിവരാൻ പറഞ്ഞു. ആ പാപിയുടെ മാനസാന്തരമാണ് പിന്നീട് നാം കാണുന്നത് (ലൂക്കൊസ് 19:1–10).

നഥനയേൽ കർത്താവിനോട് ചോദിച്ചു: “എന്നെ എവിടെ വച്ച് അറിയും?” കർത്താവ് മറുപടി പറഞ്ഞത് ഇപ്രകാരമാണ്: “ഫിലിപ്പോസ് നിന്നെ വിളിക്കുംമുമ്പെ നീ അത്തിയുടെ കീഴിലിരിക്കുമ്പോൾ ഞാൻ നിന്നെ കണ്ടു” (യോഹന്നാൻ 1:48).

എവിടെ വച്ച് അറിയും എന്ന ചോദ്യത്തിന് അവനെ കണ്ട കാര്യമാണ് കർത്താവ് പറഞ്ഞത്. എവിടെവച്ച് അറിയും എന്ന ചോദ്യത്തിന് കർത്താവ് മറുപടി പറഞ്ഞില്ല. "ലോകസ്ഥാപനത്തിനു മുമ്പ് ഞാൻ നിന്നെ അറിയും" എന്ന് കർത്താവ് പറഞ്ഞിരുന്നുവെങ്കിൽ അത് ഉൾക്കൊള്ളാൻ നഥനയേലിനെ കഴിയുമായിരുന്നില്ല. അതുകൊണ്ട് അവനെ അറിയുന്ന കാര്യമല്ല, അവനെ കണ്ട കാര്യമാണ് കർത്താവ് പറഞ്ഞത്. പാപികളെ കാണുന്ന ആ കണ്ണുകൾ എന്നെയും കണ്ടു. നിങ്ങളെയും കണ്ടില്ലേ?

**2. ആവശ്യങ്ങളെ കാണുന്ന കണ്ണുകൾ**

നമ്മുടെ ആവശ്യങ്ങൾ കാണുക മാത്രമല്ല അതിനുള്ള പരിഹാരവും കാണുന്ന കണ്ണുകളാണ് കർത്താവിന്റേത്. മത്തായി 17:24-27 ൽ ഇതിന് ഉദാഹരണം നമുക്ക് കാണാൻ കഴിയും. കർത്താവും ശിഷ്യന്മാരും ഉൾപ്പെടുന്ന 13 അംഗങ്ങൾക്ക് ടാക്സ് (കരം) അടക്കാനുണ്ട്. അതിൽ പത്രൊസും യേശുവും ഒഴികെ ബാക്കിയുള്ളവരുടെയെല്ലാം കരം അടച്ചുകഴിഞ്ഞു. യൂദായുടെ കൈവശമുള്ള പണസഞ്ചിയിലെ പണം അപ്പോഴേക്കും തീർന്നുപോയിരിക്കാം. പത്രൊസിന് കരം അടയ്ക്കണം. പണം കൈവശമില്ല. എന്തു ചെയ്യും? കർത്താവ് പറഞ്ഞു: "നീ കടലിലേക്ക് ചെന്ന് ചൂണ്ടൽ ഇട്ട് ആദ്യം കിട്ടുന്ന മീനിനെ എടുക്ക. അതിന്റെ വായ് തുറക്കുമ്പോൾ ഒരു ചതുർദ്രഹ്മപ്പണം കാണും. അത് എടുത്ത് എനിക്കും നിനക്കും വേണ്ടി കൊടുക്ക" (വാക്യം 27).

നമ്മുടെ പ്രശ്നങ്ങൾ കൃത്യമായി കാണുന്നവനാണ് നമ്മുടെ കർത്താവ്. അതിനുള്ള പരിഹാരവും അവിടുത്തെ പക്കലുണ്ട്. പത്രൊസിന്റെ പ്രശ്നത്തിനുള്ള പരിഹാരം കിടക്കുന്നത് മത്സ്യത്തിന്റെ വായിലായിരുന്നു. അങ്ങനെയൊരു പരിഹാരത്തെക്കുറിച്ച് പത്രൊസ് ഒരിക്കലും ചിന്തിച്ചുകാണില്ല. ആരെങ്കിലും കൊടുക്കുന്ന 'ഡൊണേഷൻ' (ഗിഫ്റ്റ്) ആയിരിക്കാം പത്രൊസ് കണ്ട പരിഹാരം. പക്ഷേ പത്രൊസ് ചിന്തിച്ചിട്ടുപോലുമില്ലാത്ത പരിഹാരമാർഗ്ഗമാണ് കർത്താവ് ഒരുക്കിയത്. പ്രിയ ദൈവപൈതലേ, താങ്കളുടെ മുന്നിലുള്ള പ്രശ്നത്തിന്റെ വലിപ്പം കണ്ട് ഭയന്നുപോകരുതേ. പ്രശ്നത്തിനുള്ള പരിഹാരമാർഗ്ഗങ്ങൾ കർത്താവിന് പറഞ്ഞുകൊടുക്കരുതേ. കർത്താവിനെ ചെറുതായി കാണരുത്. നമ്മുടെ മനസ്സിൽ തോന്നാത്തവിധം അത്ഭുതകരമായ പരിഹാരമാർഗ്ഗങ്ങൾ അവിടുത്തെ പക്കലുണ്ട് എന്ന കാര്യം മറക്കരുത്.

**3. തെറ്റുകളെ കാണുന്ന കണ്ണുകൾ**

കർത്താവിനുവേണ്ടി ജീവിതം സമർപ്പിച്ചവരിലും തെറ്റുകൾ വന്നുകൂടാനുള്ള സാധ്യതയുണ്ടല്ലോ. ആ തെറ്റുകളോരോന്നും കാണുന്ന കണ്ണു

കളാണ് കർത്താവിനുള്ളത്. ഭീരുവായിത്തീർന്ന പത്രൊസ് കർത്താവിനെ തള്ളിപ്പറഞ്ഞു. "അപ്പോൾ കർത്താവ് തിരിഞ്ഞ് പത്രൊസിനെ ഒന്നു നോക്കി" (ലൂക്കൊസ് 22:61). കെട്ടപ്പെട്ട നിലയിൽ പരിഹാസങ്ങളും പീഡകളും ഏതു നിമിഷവും പ്രതീക്ഷിച്ചുകൊണ്ട് നിന്നിരുന്ന യേശു, ആ ബഹളങ്ങളുടെ ഇടയിൽ പത്രൊസിനെ ശ്രദ്ധിക്കില്ലെന്നും കാണില്ലെന്നും അവൻ ചിന്തിച്ചുകാണും. പക്ഷേ കർത്താവിന്റെ ആ തിരിഞ്ഞുനോട്ടം! ആ കണ്ണുകൾ ആൾക്കൂട്ടത്തിലേക്ക് നോക്കി പത്രൊസിനെ അന്വേഷിച്ച് കണ്ടുപിടിക്കുകയായിരുന്നില്ല. കർത്താവ് തിരിഞ്ഞ് കൃത്യമായി പത്രൊസിനെ നോക്കുകയായിരുന്നു.

### പ്രശ്നങ്ങളിൽ പതറേണ്ടതില്ല

ആ കണ്ണുകൾ നമ്മെ ഓരോരുത്തരെയും കൃത്യമായി കാണുന്നുണ്ട്. 800 കോടി ജനങ്ങളുണ്ടെങ്കിലും സർവജ്ഞാനിയും സർവശക്തനും സർവവ്യാപിയുമായ അവിടുത്തെ കണ്ണുകൾ നാമോരോരുത്തരെയും വ്യക്തിപരമായി കാണുന്നു, ശ്രദ്ധിക്കുന്നു. ആ നോട്ടം നമ്മുടെ ഹൃദയത്തിലേക്ക് തുളച്ചെത്തുന്നതാണ്. നമ്മുടെ പ്രശ്നങ്ങളും പാപങ്ങളും ആ കണ്ണുകൾ കാണുന്നു. നമ്മുടെ പ്രശ്നങ്ങൾക്കുള്ള പരിഹാരം എന്താണെന്ന് കാണുന്നു. ആ കണ്ണുകളുടെ കാഴ്ചപരിധിയിൽനിന്ന് മാറിനിൽക്കാൻ ആർക്കും കഴിയില്ല. കാരണം ആ കണ്ണുകൾ കാഴ്ചപരിധിയില്ലാത്തവയാണ്. ഇപ്രകാരമുള്ള കർത്താവ് ഉണ്ടായിട്ടാണോ ദൈവമക്കൾ ഒരു പ്രശ്നം വരുമ്പോഴേക്കും വാടിത്തളർന്നു പോകുന്നത്!

തന്റെ പ്രയാസങ്ങളുടെ മദ്ധ്യേ ഹാഗാർ പറഞ്ഞത് കേൾക്കുക: "ദൈവമേ, നീ എന്നെ കാണുന്നു" (ഉൽപത്തി 16:13). ഹാഗാർ ഒന്നൂ കൂടെ പറഞ്ഞു: "എന്നെ കാണുന്നവനെ ഞാൻ ഇവിടെയും കണ്ടുവോ?" ദൈവം ഹാഗാരിനെ കാണുന്ന കാര്യം അവൾ മനസ്സിലാക്കി. ആ കണ്ണുകൾ നമ്മെ കാണുന്ന പോലെ നമുക്ക് ആ കണ്ണുകളും കാണാൻ കഴിയണം. പാപത്തോട് അകന്നുനിൽക്കാനും, പ്രശ്നങ്ങളിൽ പതറാതെ നിൽക്കാനും അങ്ങനെ നമുക്ക് കഴിയും. പത്രൊസിലേക്ക് കൃത്യമായ നോട്ടം പായിച്ച കർത്താവിന്റെ കണ്ണുകളിൽനിന്ന് മറഞ്ഞിരിക്കാൻ നമുക്ക് കഴിയില്ല.

നമ്മുടെ മുമ്പിലുള്ള പ്രശ്നങ്ങളെ പുഞ്ചിരിയോടെ നേരിടണമെന്നല്ല, പ്രാർത്ഥനയോടെ അഭിമുഖീകരിക്കണം എന്നാണ് ബൈബിൾ വ്യക്തമാക്കുന്നത്. പ്രശ്നങ്ങളുടെ കൂമ്പാരത്തിനു മുകളിൽ കയറിനിന്ന് പുഞ്ചിരിക്കുന്നവൻ, ചിലപ്പോൾ മുന്നിലുള്ള പ്രശ്നങ്ങളുടെ ആധിക്യത്താൽ മനസ്സിന്റെ തുലനനില തെറ്റിയവനായിരിക്കാം. പ്രശ്നങ്ങളിൽ പുഞ്ചിരിയല്ല, പ്രാർത്ഥനയാണ് ആവശ്യം.

**എംവിഎസ്**

# പ്രതികരണങ്ങൾ

**നിങ്ങളുടെ അഭിപ്രായങ്ങൾ sms ആയോ, email ആയോ WhatsApp ലൂടെയോ അറിയിക്കുക. WhatsApp ൽ വോയ്സ് മെസേജ് ആയും അറിയിക്കാം. പേരും അഡ്രസ്സും എഴുതാൻ മറക്കരുത്.**

**ഫോൺ: 95 44 557 557**

### Reji Cheruvathoor, Pazhanji, Thrissur

ജൂൺമാസത്തിലെ *പാപങ്ങളെ മഹത്വപ്പെടുത്തുന്നവർ* എന്ന എഡിറ്റോറിയൽ വളരെ വിലപ്പെട്ടതാണ്. സത്യം വിളിച്ചുപറയുന്നതിന് അഭിനന്ദനങ്ങൾ.

### Rajan M A, Arakkuzha, Ernakulam

റിയൽ ലൈഫ് വോയ്സ് എല്ലാ മാസവും കിട്ടുന്നുണ്ട്. ജൂൺ മാസത്തെ എഡിറ്റോറിയൽ (*പാപങ്ങളെ മഹത്വപ്പെടുത്തുന്നവർ)* വളരെ നന്നായിട്ടുണ്ട്. ഒരു വല്ലാത്ത കാലഘട്ടം. തെറ്റ് തെറ്റാണെന്നു പറയുന്നവരല്ല, തെറ്റിനെ ന്യായീകരിക്കുന്ന ഒരു തലമുറ! കെ.വി. ഐസക് അച്ചായന്റെ ജീവിത സാക്ഷ്യം കൂടുതൽ പ്രയോജനം നൽകുന്നതാണ്. ഒത്തിരി കൈപ്പേറിയ വഴിയിലൂടെ കടന്നുപോയതുകൊണ്ട് മറ്റുള്ളവർക്കും ഒരു ഓർമ്മപ്പെടുത്തൽ ആണിത്. ലേഖനങ്ങൾ എല്ലാം വളരെ നന്നായിരിക്കുന്നു. കർത്താവ് അനുഗ്രഹിക്കട്ടെ.

### Joy Immanuel, Vedapatheyam, Pathanamthitta

റിയൽ ലൈഫ് വോയ്സ് ലഭിച്ചു. അപ്പോൾ തന്നെ മുഴുവനും ഇരുന്ന് വായിച്ചു. അങ്ങനെ വായിക്കാൻ തക്കവിധമുള്ള മൂല്യം അതിനുണ്ട്. പെർഗ്ഗമൊസ് സഭ സംബന്ധിച്ച പഠനം ഉദാത്തം തന്നെ. നിക്കൊലാവ്യഉപദേശം പരാമർശിച്ച് പലരും വിവിധ അഭ്യൂഹങ്ങൾ പരത്താറുണ്ട്. സഹോദരന്റെ നിഗമനം വളരെ ശരിയാണ്. ഇതുപോലെ വിലപിടിപ്പുള്ള വിഷയങ്ങൾ കൂടുതലായി എഴുതുവാൻ ദൈവം സഹായിക്കട്ടെ. താങ്കളുടെ ശൈലി ഗംഭീരമാണ്. ഇതേ ഊർജ്ജസ്വലതയോടെ മുന്നോട്ടു പോകുക.

### C F David Kandath, Doddakallasandra, Banglore

ജൂൺമാസത്തിലെ അവസാനത്തെ രണ്ട് ലേഖനങ്ങൾ, (1) തെറ്റ് ചെയ്യാതെ തെളിവുകൾ ഇല്ലാതെ (2) ചാലക്കുടിപ്പുഴയുടെ രോദനം, ഈ രണ്ടു ലേഖനങ്ങളും എന്നെ വല്ലാതെ സ്പർശിച്ചു. ഒന്നാമത്തെ ലേഖനം വായിച്ച

പ്പോൾ 1 പത്രൊസ് 2:22–24 വചനങ്ങൾ ഓർമ്മയിലേക്ക് വന്നു. ബിന്ദു എന്ന സ്ത്രീ ചെയ്തത് 100 ശതമാനവും ശരിയാണ്. എന്നാൽ നമ്മുടെ കർത്താവ് മനുഷ്യന്റെ പാപങ്ങളെ തന്റെ ശരീരത്തിൽ ചുമന്നു. അപ്പോൾ കർത്താവ് മാനസികമായി എത്രയധികം തകർന്നിരിക്കണം!

രണ്ട് ലേഖനങ്ങളിൽനിന്നും മനസ്സിലാക്കുവാൻ സാധിക്കുന്നത് മനുഷ്യന്റെ പാപസ്വഭാവം എത്ര ഭയാനകമാണ് എന്നുള്ളതാണ്. ഒന്നാമത്തെ ലേഖനം എന്നിൽ ധാർമ്മികരോഷം ഉണ്ടാക്കിയെങ്കിൽ, രണ്ടാമത്തെ ലേഖനം ഹൃദയത്തിൽ നീറുന്ന വേദനയാണ് ഉണ്ടാക്കിയത്. എന്നാൽ ഒരേയൊരു സമാധാനം ആ കുഞ്ഞ് ഇപ്പോൾ സ്വർഗ്ഗത്തിൽ ആയിരിക്കും എന്നുള്ള വിശ്വാസമാണ്.

ഒരു അഭിപ്രായം കൂടിയുണ്ട്. മാസികയുടെ പേജുകൾ അല്പം കൂട്ടിയാൽ നന്നായിരിക്കും. **(എഡിറ്റർ: ആഗ്രഹമുണ്ടെങ്കിലും പ്രായോഗികമാക്കാൻ പല ബുദ്ധിമുട്ടുകളുണ്ട്. 24 പേജുള്ള മാസിക നടത്താനുള്ള അനുവാദമാണ് നമുക്ക് കിട്ടിയിട്ടുള്ളത്)**

## T J Thomas, Vellore, Kottayam

ഞാൻ ബ്രദറൺസഭയിലെ ഒരു സുവിശേഷകനാണ്. റിയൽ ലൈഫ് വോയ്സിന്റെ ഒരു കോപ്പി കാണുവാനിടയായി. കഴിഞ്ഞ ദിവസം ഒരു മീറ്റിംഗ് കഴിഞ്ഞ് വരുമ്പോൾ കൂടെയുണ്ടായിരുന്ന ഒരു സഹോദരന്റെ കൈവശം ഈ മാസികയുണ്ടായിരുന്നു. അത് എനിക്ക് തന്ന്, ഒന്ന് വായിച്ചുനോക്കാൻ അദ്ദേഹം പറഞ്ഞു. ഞാനാദ്യമായാണ് ഈ മാസിക കാണുന്നത്. എനിക്ക് അത് തുടർച്ചയായി വായിക്കണമെന്ന് ആഗ്രഹമുണ്ട്. **(എഡിറ്റർ: ഈ മാസിക പുതിയൊരാൾക്ക് പരിചയപ്പെടുത്തിയ ആ സഹോദരന് എന്റെ സ്നേഹവും നന്ദിയും അറിയിക്കുന്നു.)**

## A V Jose, Edenthottom, Thrissur

ജൂൺലക്കം കിട്ടി. മുഴുവനും വായിച്ചു. സുവിശേഷധ്വനി മാസികയുടെ രജിസ്ട്രേഷൻ 2027 വരെയുണ്ടല്ലോ. റിയൽ ലൈഫ് വോയ്സിനും രജിസ്ട്രേഷൻ പുതുക്കിക്കൂടെ? **(എഡിറ്റർ: ഓരോ മൂന്നു വർഷം കൂടുമ്പോഴാണ് രജിസ്ട്രേഷൻ പുതുക്കുന്നത്. സുവിശേഷധ്വനിയുടെ രജിസ്ട്രേഷൻ 2024 ൽ കഴിഞ്ഞപ്പോൾ അവർ മൂന്നു വർഷത്തേക്ക് പുതുക്കി. നമ്മുടേത് ഈ വർഷം (2025) ആണ് രജിസ്ട്രേഷന്റെ കാലാവധി തീരുന്നത്. ഇനി പുതുക്കാൻ പറ്റാത്ത വിധം നിയമം മാറിക്കഴിഞ്ഞു. 2024 ൽ പുതുക്കിക്കിട്ടിയവർ ആ നിലയിൽ ഭാഗ്യവാന്മാരാണ്. നമ്മുടെ കാലാവധി 2024ൽ തീരാതിരുന്നതുകൊണ്ട് നമുക്ക് 2024 ൽ പുതുക്കാൻ കഴിയുമായിരുന്നില്ല. നിയമത്തിൽ വല്ല മാറ്റവുമുണ്ടെങ്കിൽ രജിസ്ട്രേഷൻ തീർച്ചയായും പുതുക്കുന്നതാണ്)** ❍

# ആസ്യയിലെ ഏഴ് സഭകൾ

17 **വെളിപ്പാട് 2,3 അദ്ധ്യായങ്ങളിൽ നിന്നുള്ള ചിന്തകൾ**

**ഡോ. എം. വി. സെബാസ്റ്റ്യൻ, തൃശ്ശൂർ**

*"...ആസ്യയിലെ ഏഴു സഭകൾക്കും എഴുതുന്നത്..." (വെളിപ്പാട് 1:4).*

*"...എഫെസൊസ്, സ്മുർന്ന, പെർഗ്ഗമൊസ്, തുയഥൈര, സർദ്ദിസ്, ഫില ദെൽഫ്യ, ലവൊദിക്യ എന്ന ഏഴു സഭകൾക്കും അയയ്ക്കുക" (വെളി.1:11)*

## പെർഗ്ഗമൊസിലെ സഭയ്ക്കുള്ള സന്ദേശം (വെളി. 2:12-17)

*ആത്മാവ് സഭകളോട് പറയുന്നത് എന്തെന്ന് ചെവിയുള്ളവൻ കേൾക്കട്ടെ. ജയിക്കുന്നവന് ഞാൻ മറഞ്ഞിരിക്കുന്ന മന്ന കൊടുക്കും. ഞാൻ അവന് വെള്ളക്കല്ലും ലഭിക്കുന്നവനല്ലാതെ ആരും അറിയാത്തതും ആ കല്ലിന്മേൽ എഴുതിയിരിക്കുന്നതുമായ പുതിയ പേരും കൊടുക്കും (2:17)*

### ആത്മാവ് സഭകളോട് പറയുന്നത്

പെർഗ്ഗമൊസ് സഭയ്ക്കുള്ള സന്ദേശം ആ സഭയ്ക്ക് മാത്രമുള്ളതല്ല. സകല സ്ഥലംസഭകൾക്കുമുള്ളതാണ്. ആസ്യയിലെ 7 സഭകൾക്കുള്ള സന്ദേശങ്ങളെല്ലാം മറ്റു സ്ഥലംസഭകൾക്ക് കൂടിയുള്ളതാണ്. മറ്റേതെങ്കിലും സഭകളോട് പറഞ്ഞിട്ടുള്ളതെല്ലാം ഇന്നുള്ള സകല സ്ഥലംസഭകൾക്കും ബാധകമാണ്. ഉദാഹരണമായി, ശ്രേഷ്ഠാധികാരങ്ങൾക്ക് കീഴടങ്ങണം എന്ന പ്രമാണം (റോമർ 13:1) റോമാസഭയ്ക്ക് മാത്രമുള്ളതല്ല; സഹോദരി മാർ തലയിൽ മൂടുപടം ഇടുക എന്ന പ്രമാണം (1 കൊരി. 11:13) കൊരിന്തു സഭയ്ക്ക് മാത്രമുള്ളതല്ല; അവസരം കിട്ടുംപോലെ എല്ലാവർക്കും നന്മ ചെയ്ക (ഗലാ.6:10) എന്നു പറഞ്ഞിരിക്കുന്നത് ഗലാത്യസഭയോട് മാത്രമല്ല.

ഏതെങ്കിലും ഒരു സഭയുടെ പേരിലാണ് സന്ദേശം കിടക്കുന്നതെങ്കിലും അത് സകല സഭകൾക്കുമുള്ള സന്ദേശമാണ്.

### ജയിക്കുന്നവനുള്ള മൂന്ന് അനുഗ്രഹങ്ങൾ

നാം തോറ്റുകാണാൻ ആഗ്രഹിക്കുന്നത് പിശാചാണ്. നാം എവിടെയും ജയിച്ചുകാണാൻ സ്നേഹവാനായ ദൈവം ആഗ്രഹിക്കുന്നു. അതുകൊണ്ട് ജയിക്കുന്നവന് മൂന്ന് അനുഗ്രഹങ്ങളാണ് ഈ വേദഭാഗത്ത് വാഗ്ദാനം ചെയ്തിരിക്കുന്നത്.

### 1. മറഞ്ഞിരിക്കുന്ന മന്ന (Hidden manna)

മരുഭൂമിയിൽ യിസ്രായേൽജനത്തിന് ഭക്ഷിക്കുവാൻ ദൈവം മന്ന കൊടുത്തു. ജയിക്കുന്ന വിശ്വാസിക്ക് മറഞ്ഞിരിക്കുന്ന മന്ന കൊടുക്കും എന്നാണ് കർത്താവ് വാക്ക് കൊടുത്തിരിക്കുന്നത്. മറഞ്ഞിരിക്കുന്ന ആ മന്ന എന്തായിരിക്കും? അത് വെളിപ്പെടുമ്പോൾ മാത്രമാണ് നമുക്ക് മനസ്സിലാക്കാൻ കഴിയുകയുള്ളൂ. അതുവരെ നാം വ്യാഖ്യാനത്തിന്റെ മറ പറ്റി തോന്നിയിടത്തേക്കെല്ലാം ഓടേണ്ട കാര്യമില്ല.

ഒരു ഭക്ഷണം എന്ന് അതിനെ മനസ്സിലാക്കുന്നതിനേക്കാൾ നല്ലത് ഒരു അനുഗ്രഹം എന്നു മനസ്സിലാക്കുന്നതായിരിക്കും. അക്ഷരാർത്ഥത്തിൽ മനസ്സിലാക്കുന്നതിനേക്കാൾ ആലങ്കാരികാർത്ഥത്തിൽ മനസ്സിലാക്കുന്നതാണ് ഉചിതം. ജയാളികൾക്ക് ദൈവം കരുതിവച്ചിരിക്കുന്ന ഏതോ ഒരു സ്പെഷൽ ഗിഫ്റ്റ്! ബിലെയാമിന്റെ ഉപദേശം (വാക്യം 14), നിക്കൊലാവ്യരുടെ ഉപദേശം (വാക്യം 15) തുടങ്ങിയ ദുരുപദേശങ്ങളോട് പോരാടി ജയിച്ചു ചെല്ലുന്നവർക്കാണ് ഈ സമ്മാനം ലഭിക്കുക – അല്ലാതെ എല്ലാവർക്കുമല്ല.

### 2. വെള്ളക്കല്ല് (White stone)

വീണ്ടും പറയട്ടെ, എല്ലാ വിശ്വാസികൾക്കും പറഞ്ഞിട്ടുള്ള അനുഗ്രഹമല്ലാ ഇത്. ജയിക്കുന്നവന് – ദുരുപദേശങ്ങളോട് പോരാടി നിന്നുകൊണ്ട് ദൈവത്തിന്റെ കണ്ണിൽ ജയാളിയായി മരണം വരെ കാണപ്പെടുന്നവന് – മാത്രം ലഭിക്കുന്ന പ്രത്യേക അനുഗ്രഹമാണ് ഇത്. അക്ഷരാർത്ഥത്തിൽ വെള്ളക്കല്ല് കൊടുക്കും എന്ന് അർത്ഥമെടുക്കുന്നതിനേക്കാൾ നല്ലത്, ഏതോ ഒരു പ്രത്യേക അനുഗ്രഹത്തെ വെള്ളക്കല്ലിനോട് ഉപമിച്ച് പറഞ്ഞിരിക്കുന്നു എന്നു മനസ്സിലാക്കുന്നതാണ്. കിട്ടുമ്പോൾ അറിയാം ആ വെള്ളക്കല്ല് എന്താണെന്ന്! അതുവരെ ഊഹങ്ങൾക്കും ഭാവനകൾക്കും ഇടം കൊടുക്കാതെ, ആ പ്രത്യേക അനുഗ്രഹം നമുക്ക് ലഭിക്കാനായി ഉത്സാഹിക്കാം. ദുരുപദേശങ്ങളെ ബൈബിളിന്റെ അടിസ്ഥാനത്തിൽ തിരിച്ചറിഞ്ഞ് അവയോട് നമുക്ക് പോരാടാം.

ദുരുപദേശങ്ങളോടാണ് പോരാടേണ്ടത്. പകരം ഇവിടെ പലരും വ്യക്തിപരമായ കാര്യങ്ങളുടെ പേരിലാണ് പോരാടുന്നത്. പിന്നെ, ആർക്കും ഒരു ഉപകാരവുമില്ലാത്ത കാര്യങ്ങളുടെ പേരിലും പല വിശ്വാസികളും പോരാടുന്നുണ്ട്. അടിസ്ഥാന ഉപദേശങ്ങളുടെ പേരിലായിരിക്കട്ടെ നമ്മുടെ പോരാട്ടം. ദുരുപദേശങ്ങൾ എഴുന്നള്ളിക്കുന്ന കാര്യത്തിൽ ഒരു മത്സരം തന്നെ ആത്മികലോകത്തിൽ ഇക്കാലത്ത് കാണപ്പെടുന്നുണ്ട്. ദൈവവചനമാകുന്ന വാളെടുത്ത് നിവർന്നുനിന്ന് പോരാടാൻ ഓരോ വിശ്വാസിക്കും കടപ്പാടുണ്ട്. കാത്തിരിക്കുന്നത് ഊഹിക്കാൻ പറ്റാത്ത വിധം കെങ്കേമമായ അനുഗ്രഹങ്ങളാണ്.

### 3. പുതിയ പേര് (New name)

ആ വെള്ളക്കല്ലിന്മേൽ പുതിയൊരു പേര് എഴുതിയിട്ടുണ്ടായിരിക്കും. അത് കിട്ടുന്നവന് മാത്രമേ ആ പേര് എന്താണെന്ന് അറിയൂ എന്ന് അവിടെ വ്യക്തമാക്കിയിട്ടുണ്ട്. അതുകൊണ്ട് ആ പേരിനെ ചൊല്ലി നാം വാദമുഖങ്ങൾ അവതരിപ്പിക്കേണ്ടതില്ല. ജയിക്കുന്നവനുള്ള ഒരു സമ്മാനമാണ് അതെന്ന് മാത്രം നാം തിരിച്ചറിയുക.

മൂന്നു അനുഗ്രഹങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് ദുരുപദേശങ്ങൾക്കെതിരെ പോരാടാൻ തന്റെ മക്കളെ കർത്താവ് പ്രോത്സാഹിപ്പിക്കുന്ന വാക്യമാണിത്. ദുരുപദേശങ്ങൾ ദൈവസഭയിൽനിന്ന് തുടച്ചുനീക്കാൻ ഒരു പക്ഷേ ഈ പോരാട്ടം നിമിത്തം പൂർണ്ണമായും കഴിയണമെന്നില്ല. എങ്കിലും അതിന്റെ വ്യാപനം തടയാൻ തീർച്ചയായും കഴിയും. ഇവിടെ റിസൽട്ട് നോക്കിയല്ല ജയാളിയാണോ എന്നു പ്രഖ്യാപിക്കുന്നത്, നമ്മുടെ അദ്ധ്വാനം നോക്കിയാണ്. നമ്മുടെ ആത്മാർത്ഥത നോക്കിയാണ്. നാം ദൈവവചനമാകുന്ന വാളെടുത്ത് പോരാടിയാൽ മതി. ആ പോരാട്ടത്തിനാണ് സമ്മാനം.

വചനവിരുദ്ധമായ ഉപദേശങ്ങൾക്കെതിരെയുള്ള പോരാട്ടം വളരെ എളുപ്പമുള്ള കാര്യമാണെന്ന് ആരും വിചാരിക്കരുത്. മറുവശത്ത് നിൽക്കുന്നവരുടെ കൂടെ, വചനം എങ്ങനെ വേണമെങ്കിലും വളച്ചൊടിച്ച് വ്യാഖ്യാനിക്കാൻ കഴിവുള്ള പിശാചുണ്ട്. എത്ര തവണ തോറ്റാലും ഓരോ തോൽവിയും ക്ഷണനേരം കൊണ്ട് മറന്ന് നാണമില്ലാതെ പിന്നെയും പൊരുതുവാൻ തയ്യാറുള്ളവനാണ് സാത്താൻ. നിത്യവും വചനം വായിച്ചും ധ്യാനിച്ചും ഓരോ വിശ്വാസിയും ദുരുപദേശങ്ങൾക്കെതിരെ പൊരുതുവാനുള്ള ശക്തി സംഭരിക്കണം.

**(തുടരും)**

**കഴിഞ്ഞ മാസം അയച്ച മാസികകളിൽ മടങ്ങിവന്നവ**

| Address | Reason |
|---|---|
| Joseph P T, Palliparampil, Kochi | Left |
| Princy Biju, Chundakuzhy, Perumbavoor | Left |
| C A Joy, Chirangarakudy, Thrissur | Deceased |
| Dr. Wilson Joe Tharakan, Ernakulam | Left |
| Chinnamma John, Maradu, Ernakulam | No reason given |
| John K V, Kuttiyil House, Anappetty | Expired |

**അഡ്രസ് ലിസ്റ്റിൽനിന്ന് മുകളിൽപ്പറഞ്ഞ അഡ്രസ്സുകൾ നീക്കം ചെയ്തിട്ടുണ്ട്.**

സുവിശേഷകനായ

# കെ. വി. ഐസക്, പീച്ചി (16)

**അഭിമുഖം**



*ഈ ഗേഹം വിട്ടുപോകിലും, എന്റെ ദൈവം മതിയായവൻ, എന്നേശു നാഥന്റെ വരവെന്നോ, യേശുവേ നീ കൂടവേ..* എന്നിങ്ങനെ 60-ലധികം ക്രിസ്തീയഗാനങ്ങളുടെ ശില്പി. ബ്രദറൺ സുവിശേഷകൻ. വേദാദ്ധ്യാപകൻ.

## 22. 'യേശുവേ, നീ കൂടവേ...'

*യേശുവേ നീ കൂടവേ,*
*ഉണ്ടെന്നാകില്ലെനിക്ക്*
*ഇല്ലൊരു ചഞ്ചലവും*
*സാധുവിനെന്നും മന്നിൽ*

2011 ൽ ഞാനെഴുതിയ പാട്ടിന്റെ ആദ്യത്തെ ചില വരികളാണിത്. ഈ പാട്ട് ആധികാരികമായി, ഒരു പാട്ടുകാരനെന്ന നിലയിൽ ബ്രദർ ജോർജ്ജ് മഠത്തിൽ പാടിയിട്ടുണ്ട്. പിന്നീട് ബ്രദർ ജോസ് പൂമലയും കുടുംബവും ഈ അടുത്ത കാലത്ത് ആ പാട്ട് പാടി. രണ്ടും യൂട്യൂബിൽ ലഭ്യമാണ്. അനേകം പേർ ഈ പാട്ട് കേട്ട് എന്നെ വിളിക്കുകയുണ്ടായി. ഈ ഗാനമെഴുതാനുണ്ടായ സാഹചര്യത്തെക്കുറിച്ചും ചിലർ ചോദിക്കുകയുണ്ടായി. അതിനെപ്പറ്റി വിശദീകരിക്കാൻ ആഗ്രഹിക്കുന്നു.

2011 ൽ ഞങ്ങളുടെ സഭയിൽ വളരെയധികം പ്രയാസപ്പെടുന്ന നാല് രോഗികൾ ഉണ്ടായിരുന്നു. അതിൽ രണ്ടു പേർ ഒമ്പത് മാസം പ്രായമുള്ള രണ്ടു കുഞ്ഞുങ്ങളായിരുന്നു. അവർക്ക് ഹൃദയം തുറന്ന് ഓപ്പറേഷൻ ചെയ്യണമായിരുന്നു. ഒരു കുഞ്ഞ് അന്നേരം സൗദിഅറേബ്യയിലായിരുന്നു. രണ്ടാമത്തെ കുഞ്ഞ് ഞങ്ങളുടെ സഭയിലുണ്ടായിരുന്നു. ഈ രണ്ടു കുഞ്ഞുങ്ങളിൽ ഒരാളുടെ കുടുംബത്തിന് സാമ്പത്തികമായി കുഴപ്പമില്ല. എന്നാൽ മറ്റേ കുടുംബം സാമ്പത്തികമായി നിവർത്തിയുള്ളവരല്ല.

അടിയന്തിരമായി പാർത്ഥിക്കാൻ ആവശ്യമുള്ള നാലുപേരിൽ മൂന്നാമത്തെയാൾ, ആയിടയ്ക്ക് ഏകാകിയായി വിശ്വാസത്തിലേക്ക് കടന്നുവന്ന വിധവയായ ഒരു സഹോദരിയാണ്. അവർക്ക് സ്തനാർബുധം (Breast cancer) ആയിരുന്നു. അവർക്ക് ശസ്ത്രക്രിയയിലൂടെ അത് നീക്കം ചെയ്യേണ്ടതുണ്ടാ

യിരുന്നു. നാലാമത്തെയാൾ ഞങ്ങളുടെ സഭയിലെ ഒരു ശുശ്രൂഷകന്റെ ഭാര്യയാണ്. അവർക്ക് തൈറോയ്ഡിന്റെ മേജർ ഓപ്പറേഷൻ ആവശ്യമായിരുന്നു.

ഈ നാലു ഓപ്പറേഷന്റെ കാര്യംനിമിത്തം എന്റെ ഹൃദയത്തിന് വലിയ ഭാരമായി. രണ്ടു കുഞ്ഞുങ്ങളിൽ ഒരാൾ മരണത്തോട് വളരെ അടുത്തിരുന്നു. തിരികെ കിട്ടുമെന്നുള്ള ഉറപ്പില്ലായിരുന്നു. അമൃത ആശുപത്രിയിലായിരുന്നു ഓപ്പറേഷൻ നടത്തിയത്. ഈ വിഷയങ്ങളെയോർത്ത് സഭ മൂന്നു തവണയെങ്കിലും ഉപവസിച്ചു പ്രാർത്ഥിക്കുകയുണ്ടായി. സാമ്പത്തികവും വേണം, വിടുതലും വേണം.

ആ നാളുകളിൽ എറണാംകുളത്ത് തിരുവാംകുളത്ത് ഒരു സഭയിൽ തിങ്കളാഴ്ച തോറും ബൈബിൾക്ലാസിനായി ഞാൻ പോകാറുണ്ട്. ആ സ്ഥലംസഭയിലെ ഒരു വീട്ടിൽ വെള്ളിയാഴ്ചത്തെ വീട്ടുപ്രാർത്ഥനയ്ക്കു വേണ്ടി എന്നെ ക്ഷണിച്ചു. വീട്ടുപ്രാർത്ഥനയ്ക്കുശേഷം, ഞാൻ തറയിൽ ഒരു പായയിൽ ഇരിക്കുമ്പോൾ അവിടത്തെ മകൾ – ആറിലോ ഏഴിലോ പഠിക്കുന്ന കുട്ടിയാണ് – ഒരു വയലിൻ എനിക്ക് കൊണ്ടുവന്നു തന്നു. എന്റെ കണ്ണിന് ഓപ്പറേഷൻ കഴിഞ്ഞ് ഇരിക്കുന്ന കാലത്ത് എനിക്ക് ബുൾബുൾ വായിക്കാൻ പറ്റാത്ത സമയത്ത് ഞാൻ വയലിൻ മീട്ടാൻ പരിശീലിച്ചിരുന്നു. ഞാൻ കാര്യമായിട്ടൊന്നും പഠിച്ചിട്ടില്ല. എങ്കിലും സംഗീതതാത്പര്യം എനിക്കുണ്ടായിരുന്നതുകൊണ്ട് ഞാൻ കുറെയൊക്കെ മൂളുകയും വയലിൻ പരിശീലിക്കുകയും ചെയ്തു.

ആ വയലിൻ ആ കൊച്ച് തന്നപ്പോൾ ഞാൻ അതെടുത്ത് മീട്ടി. അപ്പോൾ ആ പാട്ടിന്റെ കോറസ് എന്റെ മനസ്സിലേക്ക് വന്നു. ട്യൂണും വന്നു:

*നീ കൂടെ ഉണ്ടെന്നാകിൽ*
*നീ കൂടെ ഉണ്ടെന്നാകിൽ*
*നീ കൂടെ ഉണ്ടെന്നാകിൽ*
*ഇല്ലൊരു ചഞ്ചലവും*

ആ ട്യൂൺ അവിടെയുണ്ടായിരുന്ന സഹോദരനെക്കൊണ്ട് മൊബൈലിൽ ഞാൻ റെക്കോർഡ് ചെയ്തു. തിരുവാംകുളത്തുള്ള ഒരു സഹോദരന്റെ വീട്ടിൽ രാത്രി കഴിഞ്ഞതിനുശേഷം, ശനിയാഴ്ച രാവിലെ ഞാൻ ട്രെയിനിൽ കോട്ടയത്തേക്കു പോയി. അന്ന് അവിടെ ഒരു വിവാഹനിശ്ചയത്തിൽ പങ്കെടുക്കേണ്ടതുണ്ടായിരുന്നു. ആ ട്രെയിനിൽ ഇരുന്നാണ് ആ പാട്ടിന്റെ ബാക്കി വരികളെല്ലാം ഞാൻ പാടിയത്. എന്റെ കയ്യിൽ എപ്പോഴും ബുക്കും പേനയുമെല്ലാം ഉണ്ടാകും. ഞാൻ ആ വരികളെല്ലാം പുസ്തകത്തിൽ എഴുതി. അങ്ങനെ ആ ട്രെയിനിൽ ഇരുന്നാണ് ആ പാട്ട് പൂർത്തിയാക്കിയത്.

ഞാൻ രാത്രി വീട്ടിലെത്തിയതിനുശേഷം ആ പാട്ടിന്റെ കോപ്പികൾ എഴുതിയതിനുശേഷം, പിറ്റെ ദിവസം ഞായറാഴ്ചയോഗത്തിൽ സഭയിൽ എല്ലാവരുമൊന്നിച്ച് ആ പാട്ട് പാടി. ആ പാട്ട് പാടുമ്പോൾ വാസ്തവത്തിൽ എല്ലാവരും കരയുകയായിരുന്നു. ആ പാട്ട് ദൈവത്തോടുള്ള ഒരു നിലവിളിയായിരുന്നു. ഒരു അപേക്ഷയായിരുന്നു. ആ പ്രാർത്ഥന ദൈവം കേട്ടു. നാലുപേരും വിടുവിക്കപ്പെട്ടു.

അന്നത്തെ രണ്ടു കുഞ്ഞുങ്ങളും ഇന്ന് ആരോഗ്യത്തോടെ കഴിയുന്നു. അതിലൊരാൾ കർത്താവിനെ സ്വന്തം രക്ഷിതാവായി ഏറ്റുപറഞ്ഞിട്ടുണ്ട്. സ്തനാർബുദത്തെത്തുടർന്ന് ബ്രെസ്റ്റ് നീക്കം ചെയ്ത സഹോദരി ഇപ്പോൾ അല്പം ക്ഷീണിതയാണെങ്കിലും ജീവിച്ചിരിപ്പുണ്ട്. ഏകാകിനിയായി തുടരുന്നു. തൈറോയ്ഡിന്റെ ഓപ്പറേഷൻ കഴിഞ്ഞ സഹോദരിയും അന്ന് വിടുവിക്കപ്പെട്ടു. പക്ഷേ കുറച്ചുനാൾ മുമ്പ് അവർ കുഴഞ്ഞുവീണു മരിച്ചു. ബാക്കി മൂന്നു പേരും ഇന്നും തുടരുന്നു.

ഈ പാട്ട് അനേകരും പാടി ആശ്വസിക്കുന്നുണ്ട്. കഴിഞ്ഞ ദിവസം ഞാൻ മലബാറിൽ ഒരു കല്യാണത്തിൽ പങ്കെടുക്കാൻ പോയപ്പോൾ ഒരു ദൈവദാസൻ എന്നോടു പറഞ്ഞു: “ആ പാട്ട് അനേകം തവണ ഞാൻ കേട്ടിട്ടുണ്ട്. എനിക്ക് പാടാൻ കഴിവില്ലെങ്കിലും മറ്റുള്ളവർ പാടുന്നത് ഞാൻ കേൾക്കാറുണ്ട്. എന്റെ ജീവിതത്തോടുള്ള ബന്ധത്തിൽ ആ പാട്ടിന് വളരെ പ്രസക്തിയുണ്ട്.” അത് കേട്ടപ്പോൾ ഞാൻ കർത്താവിന് സ്തോത്രം ചെയ്തു.

എന്റെ ജീവിതത്തിൽ ഞാൻ പാട്ടെഴുതാൻ ഇരുന്നിട്ടില്ല. പാട്ട് പാടുകയാണ് ചെയ്യുന്നത്. പാടിയതിനുശേഷമാണ് എഴുതുന്നത്. ഞാനെഴുതിയ പാട്ടുകൾ പലതും എന്റെ കൈയിൽനിന്നും നഷ്ടപ്പെട്ടുപോയി. കയ്യിലുള്ള പാട്ടുകളെല്ലാം ഉൾപ്പെടുത്തി ഞാനൊരു പുസ്തകം പ്രിന്റ് ചെയ്തിട്ടുണ്ട്. അത് ഇതുവരെ പ്രകാശനം ചെയ്തിട്ടില്ല. അതിലെ അഞ്ചോ ആറോ പാട്ടുകൾ മറ്റു ചില പാട്ടുകളുടെ ട്യൂണുകളിൽ എഴുതിയിട്ടുണ്ട്. ബാക്കിയുള്ള പാട്ടുകളുടെ ട്യൂണുകളെല്ലാം എനിക്ക് സ്വന്തമായി ലഭിച്ചവയാണ്.

ജീവിതത്തിലെ കയ്പേറിയ അനുഭവങ്ങളിൽ ദൈവത്തോടുള്ള നിലവിളിയായിട്ടാണ് *യേശുവേ നീ കൂടവേ* എന്ന പാട്ട് ഞങ്ങൾ പാടിയത്. സങ്കീർത്തനങ്ങളെല്ലാം ജീവിതാനുഭവങ്ങളുടെ അടിസ്ഥാനത്തിൽ എഴുതപ്പെട്ടവയാണല്ലോ. ചിലർ പാട്ടെഴുതി പിന്നീട് ട്യൂൺ തയ്യാറാക്കാറുണ്ട്. എന്നാൽ ദൈവഭക്തന്മാർ ആത്മാവിൽ നിറഞ്ഞ് ആത്മഭാരത്താൽ പാടിയ പാട്ടുകൾക്കൊന്നും മരണമില്ല. ദൈവസഭ എക്കാലവും ആ പാട്ടുകൾ പാടിക്കൊണ്ടിരിക്കും. എനിക്ക് കിട്ടിയ പാട്ടുകൾ ആ നിലയിലുള്ളവയാണ്.

**(തുടരും)**

# യോനാ
## (പുസ്തകപഠനം)

14

**-എംവിഎസ്-**

**യോനാ - ഒന്നാം അദ്ധ്യായം**

**യോനാ 1:7**

**അനന്തരം അവർ: വരുവിൻ, ആരുടെ നിമിത്തം ഈ അനർത്ഥം നമ്മുടെമേൽ വന്നിരിക്കുന്നു എന്നറിയേണ്ടതിന് നാം ചീട്ടിടുക എന്ന് തമ്മിൽ തമ്മിൽ പറഞ്ഞു. അങ്ങനെ അവർ ചീട്ടിട്ടു.**

**പ്രശ്നത്തിന്റെ കാരണം അറിയാനുള്ള ശ്രമം**

വലിയൊരു വിപത്തിലൂടെ കടന്നുപോകുന്ന അവർ പ്രശ്നത്തിന്റെ കാരണം അറിയാൻ ശ്രമിക്കുന്നു. നല്ലൊരു മാതൃകയാണത്. പ്രശ്നത്തിലൂടെ കടന്നുപോകുമ്പോൾ, എന്തുകൊണ്ടാണ് ആ പ്രശ്നം ഉണ്ടായത് എന്നു ചിന്തിക്കുന്നത് നല്ലതാണ്.

സഭയിൽ പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ ചിന്തിക്കുക: എന്തുകൊണ്ട് പ്രശ്നങ്ങൾ/ഭിന്നത ഉണ്ടായി? അവ വളർത്തുന്നതിൽ എനിക്കു പങ്കുണ്ടോ? എന്റെ ഇടപെടലിലെ വൈകല്യം നിമിത്തം വല്ലവരും സഭയിൽനിന്ന് പോയിട്ടുണ്ടോ? സഭയിലെ പ്രശ്നങ്ങൾക്ക് കാരണം ഞാനാണോ? ഇതെല്ലാം നാം പരിശോധിക്കണം. സഭയിലുണ്ടായ ഭിന്നതകളിൽ നമുക്ക് പങ്കില്ലെങ്കിൽ, ആ ഭിന്നതകളെക്കുറിച്ചും പലരും സഭയിൽനിന്ന് പോയതിനെക്കുറിച്ചും നമുക്ക് വിഷമം വേണ്ട. ദൈവം എല്ലാം കാണുന്നുവല്ലോ.

കുടുംബജീവിതത്തിലും ജോലിയോടുള്ള ബന്ധത്തിലും പ്രശ്നങ്ങളുണ്ടാകുമ്പോൾ അതിന്റെ കാരണത്തെക്കുറിച്ച് ചിന്തിക്കുക. എവിടെയൊക്കെയാണ് നാം തിരുത്തേണ്ടത് എന്ന് പരിശോധിക്കുക. യഥാർത്ഥ കാരണം മനസ്സിലാക്കിയാൽ മാത്രമേ പരിഹാരം കാണാൻ കഴിയൂ. രോഗനിർണ്ണയമാണ് ആദ്യം വേണ്ടത്. പിന്നീടാണ് മരുന്ന് കുറിക്കുന്നത്. രോഗം എന്താണെന്ന് മനസ്സിലാക്കാതെ മരുന്ന് എങ്ങനെ കുറിക്കും?

**ആരാണ് യഥാർത്ഥ ഉത്തരവാദി എന്നറിയാനുള്ള ശ്രമം**

കപ്പലിലുള്ളവർ വളരെ വിവേകത്തോടെയാണ് പെരുമാറുന്നത്. കപ്പൽ ആടിയുലയുമ്പോൾ, അങ്ങോട്ടുമിങ്ങോട്ടും നിലവിളിച്ച് ഓടാതെ ഇതിനെല്ലാം

കാരണക്കാരൻ ആരാണെന്നറിയാൻ ശ്രമം നടത്തുന്നു. "ആരുടെ നിമിത്തം ഈ അനർത്ഥം നമ്മുടെമേൽ വന്നിരിക്കുന്നു" എന്നറിയേണ്ടതിന് അവർ ശ്രമിക്കുകയാണ്. കൂട്ടത്തിലുള്ള ആരോ ഒരാളുടെ കയ്യിലിരുപ്പ് നിമിത്തമാണ് ഈ അനർത്ഥമെല്ലാം വന്നത് എന്ന് അവർ വിശ്വസിച്ചു. ഏതായാലും അവരുടെ ഊഹം ശരിയായിരുന്നു.

"എന്നാൽ ഒരൊറ്റ പാപി വളരെ നന്മ നശിപ്പിച്ചുകളയുന്നു" (സഭാപ്രസംഗി 9:18). "ചത്ത [ഒരൊറ്റ] ഈച്ച തൈലക്കാരന്റെ തൈലം നാറുമാറാക്കുന്നു" (സഭാപ്രസംഗി 10:1). കുടുംബത്തിലെ വളരെയധികം നന്മകളും സന്തോഷങ്ങളും നശിപ്പിച്ചുകളയുന്ന ആ ഒരൊറ്റ പാപി, ആ ചത്ത ഈച്ച നിങ്ങളായിരിക്കരുതേ. സഭയിലെ സന്തോഷവും സമാധാനവും കെടുത്തിക്കളയുന്ന ആ ആൾ നിങ്ങളാകരുതേ. ആരുടെ നിമിത്തമാണ് പ്രശ്നമുണ്ടായത് എന്നുള്ള അന്വേഷണത്തിന്റെ കുന്തമുന നമ്മിലേക്ക് നീളാതിരിക്കാൻ നാം കരുതലുള്ളവരായിരിക്കണം.

കടൽക്ഷോഭത്തിന് യഥാർത്ഥ ഉത്തരവാദി ആരാണ് എന്ന് അവർ അന്വേഷിക്കുകയാണ്. "ഞാനാണ് ഉത്തരവാദി" എന്നാരും പറഞ്ഞില്ല. ഓരോരുത്തരും "ഞാനല്ല കാരണക്കാരൻ" എന്നു ചിന്തിച്ചുകാണും. യോനായും അങ്ങനെ ചിന്തിച്ചുകാണും. നിനെവേയിലേക്ക് പോകാതെ തർശീശിലേക്ക് പോകുന്നതിന് യോനായ്ക്ക് ചില ന്യായീകരണങ്ങൾ ഉണ്ട്. ആ ഓടിപ്പോക്ക് ഒരു തെറ്റായി യോനാ ചിന്തിക്കുന്നില്ല. താൻ നിമിത്തമാണ് ഈ അനർത്ഥമെല്ലാം വന്നിരിക്കുന്നത് എന്നും യോനാ മനസ്സിലാക്കുന്നില്ല. പ്രശ്നങ്ങളുടെ യഥാർത്ഥ കാരണക്കാരൻ ആൾക്കൂട്ടത്തിൽ ഒരാളായി നിൽക്കുന്നു!

"നിങ്ങളിൽ ഒരാൾ  എന്നെ കാണിച്ചുകൊടുക്കും" എന്നു യേശു പറഞ്ഞപ്പോൾ "അത് ഇവനാണോ?" എന്നല്ല ശിഷ്യന്മാർ ചോദിച്ചത്. "അത് ഞാനാണോ?" എന്നാണ്. ഒരു നല്ല പ്രതികരണമായിരുന്നു അത്. ഒരു പ്രശ്നമുണ്ടായാൽ, ഞാനാണോ കാരണക്കാരൻ എന്ന അന്വേഷണം സ്വയം നടത്തണം. പരീക്ഷയ്ക്ക് മാർക്ക് കുറയുന്ന കുട്ടി ടീച്ചറെയും ചോദ്യപേപ്പർ തയ്യാറാക്കിയ ആളെയും കുറ്റപ്പെടുത്തി സ്വയം ന്യായീകരിക്കുന്ന പോലെ വിശ്വാസികൾ പെരുമാററുത്.

**ചീട്ടിട്ട് അറിയാനുള്ള ശ്രമം**

ആരും സ്വയം ഉത്തരവാദിത്തം ഏറ്റെടുക്കാത്ത സാഹചര്യത്തിൽ  ചീട്ട് ഇട്ടുകൊണ്ട് ആളെ തിരിച്ചറിയാൻ അവർ തീരുമാനിക്കുന്നു. ഇന്നത്തെ നറുക്കെടുപ്പിന്റെ പുരാതനരൂപം എന്ന് ചീട്ടിട്ടു നോക്കുന്ന രീതിയെ നമുക്ക് വിളിക്കാം. പ്രാർത്ഥിച്ച് ചീട്ടിട്ട്  ഉത്തരം കണ്ടെത്തുന്ന രീതി യിസ്രായേൽമക്ക

ളുടെ ഇടയിൽ ഉണ്ടായിരുന്നു (സദൃശ. 16:33). ദേശം ഭാഗിച്ചത് ചീട്ടിട്ടാണ് (സംഖ്യ 26:55). യിസ്രായേൽമക്കളുടെ മദ്ധ്യേ ഉണ്ടായ ഒരു പ്രശ്നത്തിന്റെ കാരണക്കാരൻ യോനാഥാനാണ് എന്ന് അവർ കണ്ടെത്തിയത് ചീട്ട് ഇട്ടു നോക്കിയാണ് (1 ശമൂവേൽ 14:41,42).

വിജാതീയരുടെ ഇടയിലും ഈ രീതി ഉണ്ടായിരുന്നു. കർത്താവിന്റെ അങ്കി കീറരുതെന്നും അത് ആരാണ് സ്വന്തമാക്കേണ്ടതെന്ന് ചീട്ടിട്ട് നോക്കാം എന്നുമാണ് റോമൻപടയാളികൾ പറഞ്ഞത് (യോഹന്നാൻ 19:24).

ദൈവജനത്തിന്റെ മദ്ധ്യേ നടന്ന അവസാന ചീട്ട് ഇട്ടുനോക്കൽ മത്ഥിയാസിന്റെ തെരഞ്ഞെടുപ്പിനോടുള്ള ബന്ധത്തിലായിരുന്നു (അപ്പൊ.പ്രവൃ.1:25-26). ഇതിനുശേഷം ഈ രീതി നാം ബൈബിളിൽ കാണുന്നില്ല. പരിശുദ്ധാത്മാവിന്റെ വരവും 3000 പേരുടെ സ്നാനവും സഭാരൂപീകരണവുമെല്ലാം കഴിഞ്ഞതിനുശേഷം ഈ രീതി എവിടെയെങ്കിലും തുടർന്നതായി രേഖപ്പെടുത്തിയിട്ടില്ല.

പൗലൊസും ബർന്നബാസും തമ്മിൽ തർക്കം ഉണ്ടായപ്പോഴോ, പൗലൊസും പത്രൊസും തമ്മിൽ തർക്കം ഉണ്ടായപ്പോഴോ ചീട്ടിട്ടുകൊണ്ട് ആ തർക്കം പരിഹരിച്ചില്ല. മേശയിൽ ശുശ്രൂഷിക്കാൻ എഴുവരെ തെരഞ്ഞെടുത്തപ്പോഴോ മൂപ്പന്മാരെ തെരഞ്ഞെടുത്തപ്പോഴോ ഈ രീതി അവലംബിച്ചില്ല. അതായത്, മത്ഥിയാസിന്റെ തെരഞ്ഞെടുപ്പിനുശേഷം, ഏതെങ്കിലും നിലയിലുള്ള തർക്കങ്ങൾ പരിഹരിക്കുന്നതിനോ തെരഞ്ഞെടുപ്പ് സംബന്ധമായ തീരുമാനങ്ങൾ എടുക്കുന്നതിനോ ഈ രീതി ഉപയോഗിച്ചിട്ടില്ല.

ചീട്ടിട്ടുനോക്കി പ്രശ്നക്കാരനെ അറിയാനുള്ള ചർച്ച അവിടെ നടക്കുമ്പോൾ പ്രത്യേകമായ ഭാവമാറ്റമൊന്നും കാണിക്കാതെ നിൽക്കുന്ന യോനായെ നോക്കുക. അവന്റെ ഹൃദയമിടിപ്പ് കൂടുന്നുണ്ടോ? അവൻ വിയർക്കുന്നുണ്ടോ? അവന്റെ തൊണ്ട വരണ്ടുപോയോ? ജാതികളായ ഈ ആളുകൾ ചീട്ടിട്ട് നോക്കുമ്പോൾ അതിൽ ദൈവം പ്രവർത്തിക്കില്ല എന്ന് അവൻ ചിന്തിച്ചുകാണുമോ? പേടിക്കാനൊന്നുമില്ല എന്ന് അവൻ സ്വയം ആശ്വസിച്ചുകാണുമോ?

യോനാഥാന്റെയും ശൗലിന്റെയും കാര്യം അവന് നന്നായറിയാം. എന്നിട്ടും യോനാ മൗനം പാലിച്ചു. ചീട്ടിട്ട് നോക്കി സമയം കളയേണ്ടതില്ല, ഞാനാണ് ഇതിനെല്ലാം ഉത്തരവാദി എന്നു വിളിച്ചുപറയുവാൻ അവൻ ധൈര്യപ്പെട്ടില്ല. വേറെ വല്ലവന്റെയും പേരിൽ ആ കുറ്റം ചാർത്തിക്കിട്ടാൻ അവൻ ആഗ്രഹിച്ചു. ചീട്ടിട്ടുനോക്കുമ്പോൾ വേറെയൊരാൾ പിടിക്കപ്പെടുമെന്ന പ്രതീക്ഷയിൽ നിൽക്കുന്ന ദൈവത്തിന്റെ പ്രവാചകൻ!

**(തുടരും)**

# ജോർജ്ജും ബേബിയും



**1**

## സുവിശേഷീകരണത്തിനുവേണ്ടി നിലകൊള്ളുന്ന ദമ്പതികൾ

**–എംവിഎസ്–**

2018 ൽ, എബെനേസർ പ്രിന്റേഴ്സിലെ ബ്രദർ ടി.എഫ്. ജെയിംസ് എന്നോട് ചോദിച്ചു: "എന്റെ പെങ്ങൾ ബേബിജോർജ്ജ് തയ്യാറാക്കിയ ഒരു ചെറുകഥാസമാഹാരം 'മിനി മീൽസ്' എന്ന പേരിൽ പ്രിന്റ് ചെയ്തിട്ടുണ്ട്. ആ പുസ്തകത്തിന്റെ പ്രകാശനകർമ്മം ബ്രദറിനു ചെയ്യാമോ?"

അതിനെത്തുടർന്ന്, 26-08-2018 ൽ തൃശ്ശൂരിലെ ലാലൂരിലെ ക്രിസ്തുസഭയുടെ രെഹോബോത് ഹാളിൽ സംഘടിപ്പിച്ച യോഗത്തിൽ വച്ച്, ജീവദ്ധ്വനിയുടെ എഡിറ്ററായിരുന്ന, ഇന്ന് കർത്തൃസന്നിധിയിൽ വിശ്രമിക്കുന്ന. ബ്രദർ കെ. ആർ. ജോസ്, ആ പുസ്തക്കത്തിന്റെ ഒരു കോപ്പി എനിക്ക് കൈമാറിക്കൊണ്ട് അതിന്റെ പ്രകാശനകർമ്മം നിർവഹിച്ചു.

ആ സന്ദർഭത്തിലാണ് ഞാൻ പ്രിയ ദമ്പതികളെ പരിചയപ്പെടാൻ ഇടയായത്. ചെന്നൈയിലാണ് അന്ന് അവർ താമസിച്ചിരുന്നത്.

2025 ജൂൺ ഏഴാംതീയതി, മണ്ണുത്തിയിൽ താമസിക്കുന്ന ഞങ്ങളുടെ ബന്ധുവീട് സന്ദർശിച്ചപ്പോഴാണ്, തൊട്ടടുത്ത വീട്ടിൽ ഇവർ താമസിക്കുന്ന കാര്യം അറിഞ്ഞത്. അങ്ങനെ ബന്ധുവായ സാബുസൈമണെയും കൂട്ടി അവരെ സന്ദർശിച്ചു. 'മിനി മീൽസ്'ന്റെ കാര്യം പറഞ്ഞ് ഓർമ്മ പുതുക്കി. കുറെ നേരം ദൈവനാമമഹത്വത്തിന് ഉതകുന്ന കാര്യങ്ങൾ സംസാരിച്ചിരുന്നു. അവരെക്കുറിച്ച് മാസികയിൽ എഴുതണം എന്ന പ്രേരണ അപ്പോഴാണ് എനിക്കുണ്ടായത്.

1975 ജനുവരി

6

കർത്തൃദാസൻ സി. ഐ. ജോർജ്ജിന് ഇന്ന് 77 വയസ്സ് കഴിഞ്ഞിരിക്കുന്നു. അദ്ദേഹത്തിന്റെ പ്രിയതമ ബേബിജോർജ്ജിന് 73 വയസ്സുണ്ട്. കഴിഞ്ഞ അമ്പത് വർഷം ഒരുമിച്ച് നിൽക്കാൻ ദൈവം അവരെ സഹായിച്ചു. രണ്ട് മക്കളെ ദൈവം അവർക്ക് ദാനമായി നൽകി. സുവിശേഷത്തിന്റെ അഭിവൃദ്ധിക്കുവേണ്ടി 50 വർഷത്തിലധികമായി ഒരുമിച്ചുനിന്ന ഈ മാതൃകാ ക്രൈസ്തവദമ്പതികളെക്കുറിച്ച് എഴുതുന്നത്, ദൈവജനത്തിന്റെ കുടുംബജീവിത

ത്തിന്റെയും ആത്മികജീവിതത്തിന്റെയും കെട്ടുറപ്പിന് അത് സഹായകമാകും എന്ന പ്രതീക്ഷയിലാണ്.

ഇന്നത്തെ കുടുംബജീവിതങ്ങൾ പലതും തകർച്ചയുടെ വക്കിലാണ്. പല കുടുംബജീവിതങ്ങളും തകർന്നുകിടക്കുന്നു.ചിലരുടെ കാര്യത്തിൽ രണ്ടാംവിവാഹവും മൂന്നാംവിവാഹവും കഴിഞ്ഞതായി അറിയാം. വിശ്വാസികളുടെ കാര്യം തന്നെയാണ് ഞാൻ പറയുന്നത്. തൃശ്ശൂരിൽ, ബ്രദറൺസഭയിലെ ഒരു സഹോദരിയും പെന്തെക്കോസ്തിലെ ഒരു സഹോദരിയും മൂന്നു തവണ വിവാഹിതരായ കാര്യം എനിക്ക് നേരിട്ടറിയാം. അവരുടെ രണ്ടു പേരുടേയും ആദ്യ രണ്ട് ഭർത്താക്കന്മാർ ജീവനോടെയും ആരോഗ്യത്തോടെയും ജീവിച്ചിരിപ്പുണ്ട്!

ആദ്യഭാര്യ ജീവിച്ചിരിക്കുമ്പോൾ അവളുമായി വേർപിരിഞ്ഞ് മറ്റൊരു വിവാഹം ചെയ്ത് 'സുഖമായി' ജീവിക്കുന്നവരുടെ കൂട്ടത്തിൽ ശുശ്രൂഷകന്മാർ വരെയുണ്ട്! വേർപിരിഞ്ഞില്ലെങ്കിലും വേർപിരിഞ്ഞപോലെ ജീവിക്കുന്നവരുമുണ്ട്. 'തൊട്ടാൽ പൊട്ടും ഇംഗ്ലീഷ് മുട്ട' എന്ന കടംകഥയുടെ ഉത്തരം 'വെള്ളത്തിൻ കുമിള'യാണോ അതോ 'വിവാഹജീവിത'മാണോ എന്നു സംശയം ജനിക്കത്തക്കവിധം കുടുംബജീവിതങ്ങൾ തകർന്നുകൊണ്ടിരിക്കുന്നു. ദൈവവചനത്തിലെ പ്രമാണങ്ങൾക്ക് പ്രാധാന്യം കൊടുക്കുന്നവരുടെ കുടുംബജീവിതം ഭദ്രമായി കാണപ്പെടുന്നുമുണ്ട്.

കുടുംബജീവിതം നയിക്കുന്നതിൽ പരാജയപ്പെടുന്നവർ ധാരാളമുള്ള ഈ സമൂഹത്തിൽ, ജോർജ്ജ്-ബേബി ദമ്പതികൾ അമ്പതുവർഷം വിജയകരമായി വിവാഹജീവിതത്തിൽ തുടരുന്നത് മറ്റുള്ളവർക്ക് മാതൃകയാണ്. വിവിധങ്ങളായ ആത്മികപ്രവർത്തനങ്ങളിൽ അവർ രണ്ടുപേരും സജീവമായി നിലകൊള്ളുന്നു എന്നതും ശ്രദ്ധേയം തന്നെ. Church of God full gospel in India, Thrissur Town Church ൽ കൂടിവരുന്ന അവരുടെ ജീവിതത്തിലേക്കുള്ള *റിയൽ ലൈഫ് വോയ്സ്*-ന്റെ എത്തിനോട്ടം, വായനക്കാർക്ക് തീർച്ചയായും പ്രയോജനകരമായിരിക്കും.

### ജനനം, വീണ്ടുംജനനം

**സി. ഐ. ജോർജ്ജ്:** കുന്ദംകുളത്തിനടുത്ത് പഴഞ്ഞിയിലുള്ള ഒരു സാധാരണ കുടുംബത്തിൽ ഏറ്റവും ഇളയ മകനായി ജനിച്ചു. ഇന്ന് കർത്തൃസന്നിധിയിൽ വിശ്രമിക്കുന്ന സഹോദരൻ സി. വി. താരപ്പൻ ആരംഭിച്ച ക്രിസ്തീയസഭയിലെ അംഗങ്ങളായിരുന്നു ആ കുടുംബം. ചെറുപ്പത്തിൽത്തന്നെ ആത്മികമായ കാര്യങ്ങളിൽ വളരെ താത്പര്യമുള്ളവനായിരുന്നു. ഒരു കൺവൻഷൻയോഗത്തിൽ വച്ച് കർത്താവിനെ സ്വന്തരക്ഷിതാവായി സ്വീകരിക്കുകയും തുടർന്ന് സ്നാനമേൽക്കുകയും ചെയ്തു.

**ബേബിജോർജ്ജ്:** 1952 ജൂൺ 10 ന് ജനിച്ചു. തന്റെ മാതാപിതാക്കളുടെ പത്തുമക്കളിൽ നാലാമത്തേതായിരുന്നു. ആത്മീയമായ അച്ചടക്കത്തിലും വചനാനുസൃതമായും വളരുവാൻ കഴിയുന്ന വിധമുള്ള കുടുംബാന്തരീക്ഷമാണ് ഉണ്ടായിരുന്നത്. ഒരു യുവജനക്യാമ്പിൽ പരേതനായ പാസ്റ്റർ പി. ഡി. മാത്തുണ്ണി നടത്തിയ ബൈബിൾക്ലാസ്സിനെത്തുടർന്ന് കർത്താവിനെ രക്ഷിതാവായി സ്വീകരിച്ചു. തന്റെ പിതാവ് ശ്രീ. ഫ്രാൻസീസ് ആരംഭിച്ച പ്രഭാത് പ്രിന്റേഴ്സാണ് ഇന്ന് എബെനേസർ ഗ്രൂപ്പ് എന്ന പേരിൽ വളർന്നിരിക്കുന്നത്.



**സഹോദരി ബേബിജോർജ്ജ് സ്വന്തം കയ്യക്ഷരത്തിൽ എഴുതി പൂർത്തിയാക്കിയ സമ്പൂർണ്ണ ബൈബിൾ**

### വിദ്യാഭ്യാസം, ജോലി

**സി. ഐ. ജോർജ്ജ്:** 1969 ൽ കേരള യൂണിവേഴ്സിറ്റിയിൽനിന്ന് ബികോം പാസായി. സെയിൽസ് റെപ്രെസെന്റ്റീവ് ആയും പിന്നീട് ഒരു അമേരിക്കൻ കമ്പനിയുടെ മെഡിക്കൽ റെപ്രെസെന്റ്റീവ് ആയും ജോലി ചെയ്തു. രണ്ടു വർഷത്തിനുശേഷം അതേ കമ്പനിയിൽ മാനേജരായി നിയമിതനായി. ഇന്ന് അദ്ദേഹം ഫുൾഗോസ്പൽ ചർച്ച് ഓഫ് ഗോഡിന്റെ ordained pastor ആണ്. വിവിധസഭകളിൽ ആത്മികശുശ്രൂഷകൾക്ക് നേതൃത്വം കൊടുക്കുന്നുണ്ടെങ്കിലും ഏതെങ്കിലും സ്ഥലംസഭയുടെ ചാർജ്ജ് ഏറ്റെടുത്തിട്ടില്ല.

**ബേബിജോർജ്ജ്:** 1973 ൽ ബിരുദപഠനം പൂർത്തിയാക്കി. ഇന്ന് നിത്യതയിൽ വിശ്രമിക്കുന്ന, ജീവധ്വനി മാസികയുടെ എഡിറ്ററായിരുന്ന, കർത്തൃദാസൻ കെ.ആർ. ജോസ് ഇവരുടെ ബന്ധുവായിരുന്നു. അദ്ദേഹം ജോലി ചെയ്തിരുന്ന ഇ.എസ്.ഐ കോർപറേഷനിൽ ജോലിയൊഴിവ് ഉണ്ടെന്ന് അദ്ദേഹം അറിയിച്ചതിനെത്തുടർന്ന് സിസ്റ്റർ ബേബിജോർജ്ജ് ആ ജോലിക്കുവേണ്ടിയുള്ള ടെസ്റ്റ് എഴുതി. റിസൽട്ട് വരാൻ പക്ഷേ കുറെ കാലതാമസം നേരിട്ടു.

ക്രിസ്തീയജീവിതത്തിലും കുടുംബജീവിതത്തിലും ദീർഘകാലം നിലനിൽക്കുന്ന ഈ ദമ്പതികളുടെ ജീവിതത്തിലെ നല്ല അദ്ധ്യായങ്ങൾ അനുകരണാർഹമാണ്

**(തുടരും)**

### സ്വന്തം കൂട്ടിൽ കാഷ്ഠിക്കുന്ന പക്ഷികൾ

കോൺഗ്രസ്പാർട്ടിയിൽ അംഗമായിരിക്കുകയും അതേസമയം മോദിജിയെ സ്തുതിക്കുകയും ചെയ്യുന്ന ശശി തരൂരിനെതിരെ എഴുത്തുകാരിയായ സുധാമേനോൻ പറഞ്ഞത് ഇപ്രകാരമാണ്: വിശാലമായ ആകാശവും ചിറകുകളും എപ്പോഴും ഉണ്ടെങ്കിലും വിവേകമുള്ള ഒരു പക്ഷിയും ആ അഹങ്കാരത്തിൽ സ്വന്തം കൂട്ടിൽ നിരന്തരം കാഷ്ഠിക്കാറില്ല.

സുധാമേനോന് തെറ്റി. സ്വന്തം കൂട്ടിൽ നിരന്തരം കാഷ്ഠിക്കുന്ന എത്ര പക്ഷികളെ കാണിച്ചുതരണം? ഞങ്ങളുടെ കൂട്ടത്തിലെ ബ്രദറൺ, പെന്തെക്കോസ്ത്, ലോക്കൽചർച്ച് എന്നിങ്ങനെയുള്ള സഭാവിഭാഗങ്ങളിൽ വന്നു നോക്കിയാൽ കാണാം, സ്വന്തം കൂട്ടിൽ കാഷ്ഠിക്കുന്ന പക്ഷികളെ! കാഷ്ഠിച്ച്, കാഷ്ഠിച്ച് പല കൂടുകളും (സഭാഹാളുകൾ) പോലീസ് വന്ന് അടച്ചുകളഞ്ഞു. സഭാഹോൾ തുറക്കാൻ പറ്റാത്തതുകൊണ്ട്, പക്ഷികൾ ഫെയ്സ്ബുക്ക് പോലുള്ള സോഷ്യൽ മീഡിയാകളിൽ കയറിയിരുന്ന് കാഷ്ഠിക്കാൻ തുടങ്ങി. ഈ കാഷ്ഠങ്ങൾ മൊത്തം കോരിയെടുത്ത് അല്പം മേമ്പൊടി ചേർത്ത് യൂട്യൂബിലിട്ട് അതിലൂടെ വരുമാനം ഉണ്ടാക്കുന്നവരും ഉണ്ട്. കാഷ്ഠിക്കുന്നവരും കാഷ്ഠംകോരികളും!

ഓർത്തഡോക്സ്-യാക്കോബായ വിഭാഗങ്ങളിൽ കാണുന്നത് ഒരു കൂട്ടിൽ കാഷ്ഠിക്കാൻ നടക്കുന്ന രണ്ടു പക്ഷികളെയാണ്. ആദ്യത്തെ പക്ഷി ഇട്ട കാഷ്ഠത്തിന്റെ വലിപ്പം നോക്കി അതിനേക്കാൾ വലിയ നിലയിൽ കാഷ്ഠിക്കാൻ രണ്ടാമത്തെ പക്ഷി ശ്രമിക്കുന്നു. യഥാർത്ഥ പക്ഷികൾ സ്വന്തം കൂട് കാഷ്ഠംകൊണ്ട് നിറയ്ക്കാൻ താത്പര്യപ്പെടുന്നുണ്ടാകില്ല. പക്ഷേ മനുഷ്യപ്പക്ഷികൾ അതിന് തയ്യാറാണ്. ഇക്കാര്യത്തിൽ ശശി തരൂർ ഒറ്റയ്ക്കല്ല. ലക്ഷം ലക്ഷം പിന്നാലെ!

### കുഴിയപ്പച്ചട്ടിയല്ല, റോഡാണ് മക്കളേ!

കുഴിയപ്പച്ചട്ടിയെയും ഇഡ്ഡലിത്തട്ടിനെയും ഓർമ്മിപ്പിക്കുന്ന തരം റോഡുകളാണ് പലയിടത്തും. തുടർച്ചയായ മഴ കൂടിയായപ്പോൾ, 'പണ്ടേ ദുർബല, പിന്നെ ഗർഭിണി' എന്ന അവസ്ഥയിലെത്തി നമ്മുടെ റോഡുകൾ. തൃശ്ശൂരിൽ റോഡിലെ കുഴിയിൽ വീഴാതിരിക്കാനായി വെട്ടിച്ച സ്കൂട്ടറിൽ അമിതവേഗത്തിൽ പാഞ്ഞുവന്ന ബസ്സിടിച്ച് 33 വയസ്സുള്ള ഒരു യുവാവ് 26-06-2025

ന് മരിച്ചു. ഓ! അതിലെന്തു പുതുമ! ഇതിനുമുമ്പ് എത്രയോ പേർ ഇതുപോലെ റോഡിലെ കുഴി നിമിത്തം കൊല്ലപ്പെട്ടിരിക്കുന്നു! 'സ്ത്രീ ആയാൽ പ്രസവിക്കും, റോഡായാൽ കുഴിയുണ്ടാകും' എന്നാണത്രേ പഴഞ്ചൊല്ല്.

ആ യുവാവ് മരിച്ചയുടനെ അധികാരികൾ ആ കുഴി മൂടി. വെരി ഗുഡ്! ബാക്കിയുള്ള കുഴികളിലും യുവാക്കൾ വീണ് മരിച്ചതിനുശേഷം മാത്രം ആ കുഴികൾ മൂടാൻ കാത്തിരിക്കുന്ന അധികാരികൾക്ക് എന്റെ വക കൂപ്പുകൈ. ആസനത്തിൽ ആൽമരം മുളച്ചാലും അതിനെ അലങ്കാരമായി കാണുന്നവരോട് ഇതല്ലാതെ എന്തു പറയാൻ? ആര് ഭരിച്ചാലും നമ്മുടെ റോഡിന്റെ സ്ഥിതി ഇതൊക്കെത്തന്നെയാണ്. 'പണ്ടുമില്ലല്ലോ ഞണ്ടിന് വാല്' എന്ന പഴഞ്ചൊല്ല് ഓർത്തുപോകുന്നു.

**മൈക്ക് കണ്ടാൽ...**

മുഖ്യമന്ത്രി പിണറായിവിജയൻ ഒരു യോഗത്തിൽ ഒരു ഗുണ്ട് പൊട്ടിച്ചു. മൈക്ക് കണ്ടാൽ എന്തു തോന്ന്യാസവും വിളിച്ചുപറയുന്നത് അവസാനിപ്പിക്കുന്നതാണ് നല്ലത് എന്നാണ് അദ്ദേഹം പറഞ്ഞത്. സിപിഎം സംസ്ഥാന സെക്രട്ടറി എം. വി. ഗോവിന്ദന്റെ നേരെ വിട്ട ഒരു ഒളിയമ്പാണ് അതെന്നാണ് പൊതുവെയുള്ള സംസാരം.

അതെന്തെങ്കിലുമാകട്ടെ. മൈക്ക് കണ്ടാൽ സമയബോധവും പരിസരബോധവും മറന്നുപോകുന്ന ചിലർ ആത്മീയഗോളത്തിലുണ്ട്. ശുശ്രൂഷകളുടെ ദൈർഘ്യം കൂട്ടുന്നതാണ് അലങ്കാരം എന്ന് ധരിച്ചുവച്ചിരിക്കുന്ന കുറച്ചു ദൈവദാസന്മാർ! ആശംസ പറയാൻ ഒരു അവസരം കൊടുത്താൽ അത് പ്രസംഗമാക്കി മാറ്റുന്നവരും, പ്രസംഗിക്കാൻ ഒരു അവസരം കൊടുത്താൽ സമുദ്രം കണക്കെ പരന്നുവ്യാപിക്കുന്നവരും ഇക്കൂട്ടത്തിലുണ്ട്. വേറെ ചിലരുണ്ട്. ഗായകർ. പാട്ടിനിടയ്ക്ക് ഉപകരണസംഗീതം മാത്രം വരുന്ന ഭാഗത്ത് ഓരോന്ന് വിളിച്ചുപറഞ്ഞുകൊണ്ടിരിക്കും. നിന്നാൽ ഞാൻ മതിൽ ചാടിക്കടക്കും. അവൻ നിന്നെ തലയാക്കും എന്നിങ്ങനെ.

മൈക്ക് കൈയിൽ കിട്ടിയാൽ തനിക്ക് അനുവദിച്ച സമയം മാത്രം വിനിയോഗിക്കാൻ നാം പരിശീലിക്കണം. അനുവദിച്ചതിൽ കൂടുതൽ സമയം കൂടുതലെടുത്തിട്ട്, "എന്നെ പരിശുദ്ധാത്മാവ് അതിന്നായി നിർബന്ധിച്ചു" എന്നു പറയുന്നവരുണ്ട്. അത് നുണയാണ്. പ്രോഗ്രാം കോഡിനേറ്ററായ സഹോദരനെ നിർബന്ധിക്കാത്ത പരിശുദ്ധാത്മാവ്, മൈക്ക് കൈയിൽ കിട്ടിയവനെ മാത്രം സമയം നീട്ടാൻ നിർബന്ധിക്കുന്നത് വിശ്വസനീയമല്ല.

മൈക്ക് കിട്ടിയാൽ 'വായിൽ തോന്നിയത് കോതയ്ക്ക് പാട്ട്' എന്നു പറഞ്ഞതുപോലെ സംസാരിക്കുന്നവരുണ്ട്. സ്വയനിയന്ത്രണമില്ലാത്തവർക്ക് മൈക്ക് കൊടുക്കരുത്.

## എന്റെ പിഎച്ച്ഡി സർട്ടിഫിക്കറ്റ്

ഡോക്റ്ററേറ്റിന് ഞാൻ അർഹനാണെന്ന് യൂണിവേഴ്സിറ്റി (Dravidian University) പ്രഖ്യാപിച്ചത് 2018-ലാണ്. എങ്കിലും ഏകദേശം ഏഴ് വർഷമായപ്പോഴാണ് എന്റെ പിഎച്ച്ഡി സർട്ടിഫിക്കറ്റ് അവർ അയച്ചുതന്നത് (2025 ജൂണിൽ). വൈകിയാണെങ്കിലും എനിക്ക് എന്റെ സർട്ടിഫിക്കറ്റ് കിട്ടി. ദൈവത്തിനു സ്തോത്രം!

തൃശ്ശൂർ സെന്റ്.തോമസ് കോളേജിലെ ഡോ. സി. ജെ. ഡേവീസ് സാറിന്റെ കീഴിലാണ് ഞാൻ പിഎച്ച്ഡി പൂർത്തിയാക്കിയത്. ഞാൻ എം.ഫിൽ. ചെയ്തതും അദ്ദേഹത്തിന്റെ കീഴിൽത്തന്നെയായിരുന്നു.

ഒരു ഡോക്ടറേറ്റിന് ആത്മികതലത്തിൽ വലിയ പ്രാധാന്യമൊന്നുമില്ല എന്ന് എനിക്കറിയാതെയല്ല. എങ്കിലും കുറുക്കുവഴികളിലൂടെയല്ലാതെ, ദൈവത്തിലാശ്രയിച്ചുള്ള കഠിനാദ്ധ്വാനത്താൽ ചിലതു നേടാൻ കഴിയുമെന്നുള്ള സന്ദേശം, പഠനപ്രക്രിയയിൽ ഏർപ്പെട്ടിരിക്കുന്ന വിദ്യാർത്ഥിഗണങ്ങൾക്ക് പകരുവാൻ ഈയവസരത്തിൽ ഞാനാഗ്രഹിക്കുന്നു.

പഠനത്തിനായുള്ള കനൽ കെട്ടുപോകാതെ ഉള്ളിൽ സൂക്ഷിക്കുന്നവർക്കും, പ്രതികൂലസാഹചര്യങ്ങളോട് പടവെട്ടി പഠിച്ചുയരാനായി പോരാടുന്നവർക്കും ഈ ഡോക്റ്ററേറ്റ് ഞാൻ സമർപ്പിക്കുന്നു.

എല്ലാ നേട്ടങ്ങളുടെയും ആത്യന്തിക ഉറവിടം സർവശക്തനായ ദൈവമല്ലാതെ മറ്റൊന്നുമല്ല എന്ന തിരിച്ചറിവ് നമ്മെ ഭരിക്കട്ടെ.

**വിദ്യാർത്ഥികളോട്:**

ദൈവത്തിലാശ്രയിച്ച് പഠിക്കുക. കഠിനാദ്ധ്വാനം ചെയ്ത് പഠിക്കുക. വീട്ടിലെ സാഹചര്യങ്ങൾ മനസ്സിലാക്കി പഠിക്കുക. വിജയിക്കുന്നതിനായി കുറുക്കുവഴികൾ തേടരുത്. ദൈവത്തെ മറന്നുകൊണ്ടുള്ള പഠനം നമുക്കു വേണ്ട. എല്ലാ വിദ്യാർത്ഥികൾക്കും പ്രോത്സാഹനത്തിനായി എന്റെ മുഴുവൻ ബിരുദങ്ങളും താഴെ കൊടുക്കുന്നു.

**Dr. M. V. SEBASTIAN**

*MA(Eng.), MA(His.), MA(Socio.),*
*MCom(Edu.Mgt.), MPhil(Eng.), PhD(Eng.)*

## www.reallifevoice.in

**ഡോ. എം. വി. സെബാസ്റ്റ്യന്റെ കൃതികൾ**

1. വിശ്വാസവും സ്നാനവും: ഒന്നാം നൂറ്റാണ്ടിൽ എങ്ങനെയായിരുന്നു?
2. മൂപ്പൻ
3. സഭ
4. പരിശുദ്ധാത്മാവ്
5. യോവേൽ (പുസ്തകപഠനം)
6. ഓബദ്യാവ് (പുസ്തകപഠനം)
7. മീഖാ (പുസ്തകപഠനം)
8. ഹബക്കൂക് (പുസ്തകപഠനം)
9. കുടുംബജീവിതം
10. മൂലഭാഷകളൂടെ സൗന്ദര്യം
11. ചോദ്യവും ഉത്തരവും
12. തലമുറകൾ
13. മഹാകവി കെ. വി. സൈമൺ
14. തൃശ്ശൂരിലെ താരപ്പേട്ടൻ അഥവാ സി. വി. താരപ്പൻ
15. തിരുവട്ടാർ കൃഷ്ണൻകുട്ടി: പ്രസംഗപീഠത്തിലെ ബാലസിംഹം
16. സൺഡേസ്കൂൾ പാഠങ്ങൾ (ഭാഗം 1)
17. ഖുർആൻ: ആത്മാർത്ഥതയില്ലാത്ത അവകാശവാദങ്ങൾ
18. ഇമ്മാനുവിന്റെ സംശയങ്ങൾ
19. ചിന്തകൾ പന്തങ്ങളാകുമ്പോൾ (എന്റെ ഡയറിക്കുറിപ്പുകൾ)
20. സത്യം തേടി...
21. പുതിയനിയമത്തിലൂടെ യാത്ര ചെയ്യുമ്പോൾ...
22. റോമർ 16-ാം അദ്ധ്യായത്തിലെ ദൈവമക്കൾ
23. Faith and Baptism: How Was It Taught and Practiced in the First Century?
24. The Search for Truth
25. Youth and Mental Health
26. Suicide and Its Causes: What Does the Bible Say?

**ഈ പുസ്തകങ്ങൾ ആവശ്യമുള്ളവർക്ക് വെബ്സൈറ്റിൽനിന്നു നേരിട്ട് അവ download ചെയ്യാവുന്നതാണ്. അല്ലെങ്കിൽ നിങ്ങളുടെ വാട്സാപ് നമ്പറിൽ ആവശ്യപ്പെടുക. അപ്പോൾ ആവശ്യമുള്ള പുസ്തകങ്ങളുടെ pdf ആ വാട്സാപ് നമ്പറിലേക്ക് ഞങ്ങൾ അയച്ചുതരുന്നതാണ്.**

REGISTERED
RNI No. KERMAL/2012/54719
Postal Reg. No. KL/TCR/51/2023-25
Licence No. KL/CR/TCR/WPP-01/2023-25
Licensed to Post Without Prepayment.

Published on
17th July 2025

Posted at
Thrissur RMS

**ആനുകാലികം**

## 98-ാം വയസ്സിലും പത്രവായന മുടക്കാതെ!

കെ. പി. ഗൗരി. 98 വയസ്സുള്ള റിട്ടയേഡ് അദ്ധ്യാപികയാണ്. കൊടുങ്ങല്ലൂരിനടുത്തുള്ള തിരുവഞ്ചിക്കുളത്താണ് ടീച്ചർ താമസിക്കുന്നത്. ഗൗരിടീച്ചർ എന്നും പത്രം വായിക്കും. കുറിപ്പുകൾ തയ്യാറാക്കും. മൊബൈലിൽ തോണ്ടിയും മാന്തിയും ഇരിക്കുന്ന ആധുനിക തലമുറ കേൾക്കുന്നുണ്ടോ, ഇത്?

വായന മരിക്കുന്നത് സങ്കടത്തോടെ നോക്കിനിൽക്കേണ്ട ഗതികേടാണ് ഇന്നുള്ളത്. പരന്ന വായനയല്ല, ട്രോളുകളും റീലുകളും ആണ് ഇന്നത്തെ തലമുറയ്ക്ക് താത്പര്യം. അറിവ് വർദ്ധിപ്പിക്കുക എന്നതോ ഭാഷാസൗന്ദര്യം വർദ്ധിപ്പിക്കുക എന്നതോ ഇന്നത്തെ തലമുറയുടെ ചിന്തയിലില്ല.

*വായിച്ചാൽ വളരും, വായിച്ചില്ലെങ്കിലും വളരും*
*വായിച്ചാൽ വിളയും, വായിച്ചില്ലെങ്കിൽ വളയും*

കുഞ്ഞുണ്ണിമാഷിന്റെ വരികളാണിത്. വായിക്കാതെ വളരുന്ന ഒരു തലമുറ! വളഞ്ഞുപോയ ഒരു തലമുറ! വായനാസ്വഭാവമില്ലാതെ വളഞ്ഞുപോയ ആധുനികതലമുറ ഗൗരിടീച്ചറെ മാതൃകയാക്കിയിരുന്നെങ്കിൽ നന്നായിരുന്നു.

എല്ലാ വർഷവും കേരള സർക്കാർ ജൂൺ 19 വായനാദിനമായി ആചരിക്കുന്നുണ്ട്. ഒരു ജൂൺ 19 കൂടി കഴിഞ്ഞുപോയിരിക്കുന്നു. പലരും അറിഞ്ഞുപോലുമില്ല! ഈയവസരത്തിൽ ഗൗരിടീച്ചർക്ക് പറയാനുള്ളത് കേൾക്കുക: "പുതിയ തലമുറ പുസ്തകങ്ങളും പത്രങ്ങളും വായിച്ച് അറിവ് പങ്ക് വച്ച് വായനയുടെ വിശാലമായ ലോകത്തേക്ക് പ്രവേശിക്കണം." *(മലയാള മനോരമ, 2025 ജൂൺ 19)*

Printed, published and owned by Sebastian M.V. Printed at Chirayath Printers, Mannuthy P.O., Thrissur, Kerala-680 651. Published at Real Life, Mamparampil House, Kottekad, Kuttur P.O., Thrissur - 680 013. **Editor:** Sebastian M.V